പതിമൂന്നാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.48 27.09.2011-ൽ മറുപടിക്ക്.

വാർഷിക പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബെന്നിബെഹനാൻ<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.റ്റി.എൻ.പ്രതാപൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) നിലവിൽ വാർഷിക പദ്ധതികൾ നടപ്പാക്കുന്നതിന് പഞ്ചായത്തുകൾക്ക് വേണ്ടത്ര സമയം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതുപരിഹരിക്കുന്നതിനായി വാർഷിക പദ്ധതികൾക്ക് പകരം പഞ്ചായത്തിൽ പഞ്ചവത്സരപദ്ധതി ആവിഷ്കരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) ഉണ്ട്.<br>വാർഷിക പദ്ധതിക്ക് പകരം പഞ്ചവത്സര പദ്ധതിയാക്കുമ്പോൾ 5 വർഷം കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച മുൻകൂട്ടി ധാരണ ഉണ്ടാകുമെന്നതിനാൽ അവ സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് സാധിക്കും. അതിനാൽ പഞ്ചവത്സര പദ്ധതി എന്തുകൊണ്ടും അഭികാമ്യമാണ്. ഇപ്പോൾ പദ്ധതി അംഗീകരിച്ചുകിട്ടുവാനും സ്കീമുകൾ ആരംഭിക്കാനും എല്ലാ വർഷവുമുണ്ടാകുന്ന താമസം പദ്ധതിയുടെ ആദ്യ വർഷമായി പരിമിതപ്പെടും. ഒരു പ്രാവശ്യം പദ്ധതിയുണ്ടാക്കുന്നത് അഞ്ച് വർഷത്തേക്കുള്ളതായിരിക്കും.<br>രണ്ടാം വർഷം മുതൽ അനിവാര്യമായ വ്യതിയാനങ്ങൾ മാത്രം അനുവദിക്കും. ഒരു വർഷത്തെ ഒരു സ്കീം തുടങ്ങുന്നതിന് |

ഏതെങ്കിലും കാരണവശാൽ താമസം നേരിട്ടാൽ അടുത്ത വർഷത്തെ ഒരു സ്കീം അതിനു പകരമായി നടപ്പിലാക്കാനും സാധിക്കും. ഇതു നിലവിൽ വരുമ്പോൾ ഉള്ള വിഹിതം അതാതുവർഷങ്ങളിൽ വാർഡുകൾക്കായി വീതം വയ്ക്കുന്ന രീതി അവസാനിക്കും.

| | |
|---|---|
| (സി) പഞ്ചായത്തുകളിൽ വിവിധ പദ്ധതികൾക്കുള്ള ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുമോ; | (സി) സർക്കാരിന്റെ 12.04.2006 ലെ ജി.ഒ.(പി)നം.177/2006/ഫിൻ നമ്പർ ഉത്തരവിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് ലഭ്യമാക്കുന്ന നടപടിക്രമങ്ങൾ ലഘൂകരിക്കപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾക്കുള്ള ജനറൽ പർപ്പസ് ഫണ്ട് എല്ലാ വർഷവും ഏപ്രിൽ മുതൽ മാർച്ച് മാസം വരെ 12 ഗഡുക്കളായും മെയിന്റനൻസ് ഫണ്ട് ഏപ്രിൽ മാസം മുതൽ ജനുവരി വരെ 10 ഗഡുക്കളായും വികസന ഫണ്ട് മെയ് മാസം മുതൽ ഫെബ്രുവരി വരെ 10 ഗഡുക്കളായും ബന്ധപ്പെട്ട സർക്കാർ ഉത്തരവു പ്രകാരം അതത് മാസം തന്നെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചു വരുന്നു. മേൽ ഉത്തരവുപ്രകാരം ഫണ്ടു വിതരണം നടത്തിയതിൽ കാലതാമസമോ എന്തെങ്കിലും തടസ്സങ്ങളോ ഇതു വരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 13 - ാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയും ലോക ബാങ്ക് ധനസഹായവും നിലവിൽ ഗ്രാമ പഞ്ചായത്തുകളുടെ അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് സർക്കാർ വകയിരുത്തുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ